# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ 60 — 25.04.2017 ൽ മറുപടിക്ക്

## അഖിലേന്ത്യാ സർവ്വീസിലുള്ള ഉദ്യോഗസ്ഥൻമാരുടെ ദീർഘകാല അവധി

**ചോദ്യം:**

**ശ്രീ. എ.പി.അനിൽ കുമാർ**

**ഉത്തരം :**

**ശ്രീ.പിണറായി വിജയൻ**
**മുഖ്യമന്ത്രി**

**(എ)** ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അഖിലേന്ത്യാ സർവ്വീസിലുള്ള എത്ര ഉദ്യോഗസ്ഥർ ദീർഘകാല അവധിയിൽ പ്രവേശിച്ചിട്ടുണ്ടെന്നും അവർ ആരെല്ലാമാണെന്നും വ്യക്തമാക്കുമോ;

**(എ)** ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ശ്രീമതി. ഭണ്ഡാരി സ്വാഗത് രൺവീർചന്ദ് ഐ.എ.എസ്. ദീർഘകാല അവധിയിൽ പ്രവേശിച്ചിട്ടുണ്ട്. ഐ.പി.എസ്., ഐ.എഫ്.എസ്. ഉദ്യോഗസ്ഥർ ആരും തന്നെ ദീർഘകാല അവധിയിൽ പ്രവേശിച്ചിട്ടില്ല.

**(ബി)** പ്രസ്തുത കാലയളവിൽ അഖിലേന്ത്യാ സർവ്വീസിലുള്ള എത്ര ഉദ്യോഗസ്ഥർ കേന്ദ്ര ഡെപ്യൂട്ടേഷൻ വാങ്ങിപ്പോയെന്നും അവർ ആരെല്ലാമാണെന്നും വ്യക്തമാക്കുമോ;

**(ബി)** ഈ കാലയളവിൽ അഖിലേന്ത്യാ സർവ്വീസിലുള്ള 5 ഉദ്യോഗസ്ഥർ കേന്ദ്ര ഡെപ്യൂട്ടേഷൻ വാങ്ങിപ്പോയിട്ടുണ്ട്. അവർ താഴെപ്പറയുന്നവരാണ്.

1) ശ്രീ.ഇന്ദർജിത്ത് സിംഗ് (ഐ.എ.എസ്.)
2) ശ്രീ. എസ്. സുരേഷ് (ഐ.പി.എസ്.)
3) ശ്രീ.ഡി.കെ.വർമ്മ (ഐ.എഫ്.എസ്.)
4) ശ്രീ.ആർ.കമലാഹർ (ഐ.എഫ്.എസ്.)
5) ശ്രീമതി. റ്റി.ഉമ (ഐ.എഫ്.എസ്.)

**(സി)** പ്രസ്തുത കാലയളവിൽ അഖിലേന്ത്യാ സർവ്വീസിലുള്ള എത്ര ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ആർക്കെല്ലാമെതിരെ എന്തെല്ലാം നടപടിയാണ് സ്വീകരിച്ചതെന്നും എന്തുകാരണത്താലാണ് സ്വീകരിച്ചതെന്നും വ്യക്തമാക്കുമോ?

**(സി)** പ്രസ്തുത കാലയളവിൽ വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദിച്ചതുമായി ബന്ധപ്പെട്ടും, കളമശ്ശേരി ഭൂമിയിടപാടുമായി ബന്ധപ്പെട്ടും ശ്രീ.ടി.ഒ.സൂരജ് ഐ.എ.എസിനെതിരെയും കാസർഗോഡ് ജില്ലാ കളക്ടറായിരിക്കെ അനധികൃത മണൽക്കടത്തുമായി ബന്ധപ്പെട്ട് പിടിച്ചെടുത്ത വാഹനങ്ങൾ നിസ്സാര പിഴ ചുമത്തി വിട്ടയച്ചതുമായി ബന്ധപ്പെട്ട് ശ്രീ.മുഹമ്മദ് സാഗിർ ഐ.എ.എസിനെതിരെയും, വയനാട് ജില്ലാ

പഞ്ചായത്ത് സെക്രട്ടറിയായിരിക്കെ പനമരം ഗ്രാമപഞ്ചായത്തിൽ വനിതാവ്യവസായ യൂണിറ്റിനായി കെട്ടിടം നിർമ്മിച്ചതിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് ശ്രീ. ജോസ് ഐസക് ഐ.എ.എസ്. (റിട്ട.)-നെതിരെയും കാസർഗോഡ് ജില്ലാ കളക്ടറായിരിക്കെ നിയമസഭാ തെരഞ്ഞെടുപ്പ് കാലയളവിൽ മാതൃകാപെരുമാറ്റച്ചട്ടം നടപ്പാക്കുന്നതിൽ വീഴ്ച വരുത്തിയതുമായി ബന്ധപ്പെട്ട് ശ്രീ. ഇ.ദേവദാസൻ ഐ.എ.എസിനെതിരെയും അച്ചടക്ക നടപടി നിലവിലുണ്ട്.

ശ്രീ.രാഹുൽ ആർ.നായർ ഐ.പി.എസി നെതിരെ ടിയാൻ പത്തനംതിട്ട ജില്ലാ പോലീസ് മേധാവിയായി ചുമതല വഹിക്കുന്ന സമയത്ത് ക്വാറി/മെറ്റൽ ക്രഷർ യൂണിറ്റുമായി ബന്ധപ്പെട്ട അഴിമതിയാരോപണങ്ങളിൻമേലും ശ്രീ.ജി.ലക്ഷ്മൺ ഐ.പി.എസ്. സപ്ലൈകോയുടെ സ്റ്റാഫ് ക്വാർട്ടേഴ്സിൽ അനധികൃതമായി താമസിക്കുന്നതിനെതിരെ ലഭിച്ച പരാതിയിൻമേലും ശിക്ഷണ നടപടികൾ സ്വീകരിച്ചുവരികയാണ്.

Manoj M

**സെക്ഷൻ ഓഫീസർ**